**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3576** **12-03-2025 - ൽ മറുപടിയ്ക്ക്**

**കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻജിനീയറിങ് പ്രവേശന പരീക്ഷയിലെ സ്കോറും പ്ലസ്ടു പരീക്ഷയിലെ ഫിസിക്സ്, കെമിസ്ട്രി, മാത്സ് എന്നിവയുടെ മാർക്കും സ്റ്റാൻഡേർഡൈസേഷൻ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം സംഭവിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | എൻജിനീയറിങ് പ്രവേശന പരീക്ഷയിലെ സ്കോറും പ്ലസ്ടു പരീക്ഷയിലെ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയുടെ മാർക്കും സ്റ്റാൻഡേർഡൈസേഷൻ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുന്നത് സർക്കാർ അംഗീകൃത prospectus clause 9.7.4 പ്രകാരമാണ്. സ്റ്റാൻഡേർഡൈസേഷൻ നടത്തി റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ കേരള സിലബസിൽ പഠിച്ച കുട്ടികൾക്ക് മാർക്ക് നഷ്ടം സംഭവിക്കുന്ന കാര്യം ഗൗരവത്തോടെയാണ് കാണുന്നത്. സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയ സംബന്ധിച്ച പരാതികളിൽ തീരുമാനം കൈകൊള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ആണ്. |
| (ബി) | കേരള സിലബസിൽ പഠിക്കുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കേരള സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയ ദോഷകരമായി ബാധിക്കുന്നു എന്ന് പരാതി ഉയർന്നതിനാൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം കൂടുകയും ആയത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ